<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2917</u> — <u>13-10-2021 - ൽ മറുപടിയ്ക്ക്</u>

<u>കായംകുളം മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിൽനിന്നും തുക അനുവദിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാക്കുന്ന കായംകുളം നഗരസഭയിലെ ചെറുകാവ്-ഇല്ലത്ത് റോഡ്, ക്ലാപ്പന മരങ്ങാട്ട് റോഡ്, ഒന്നാം കുറ്റി ഗുരുമന്ദിരം റോഡ്, ആലയ്ക്കമുറി പട്ടശ്ശേരി റോഡ് എന്നീ റോഡുകൾ ഭരണാനുമതി ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു. 1) ചെറുകാവ് ഇല്ലത്ത് റോഡ് -റോഡ് പ്രവൃത്തിക്കുവേണ്ടി കരാറുകാരന് സൈറ്റ് കൈമാറി, സൈറ്റിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരവെ റോഡ് ഉയർത്തുന്നതുമായി ബന്ധപ്പെട്ടും ഡ്രെയിനിന്റെ ഔട്ട്ലറ്റുമായി ബന്ധപ്പെട്ടും തർക്കങ്ങൾ ഉണ്ടാവുകയും പ്രവൃത്തി തടസ്സപ്പെടുകയും ചെയ്തു. ഒക്ടോബർ ആദ്യ വാരത്തോടുകൂടി പ്രവൃത്തികൾ പുനരാരംഭിച്ച് ഇപ്പോൾ ഏകദേശം 490 മീറ്റർ ഓടയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ കാലാവസ്ഥ അനുയോജ്യമെങ്കിൽ31-03-2022 നുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. 2. ക്ലാപ്പന - മരങ്ങാട്ട് റോഡ് - 12-06-2019 ൽ ഭരണാനുമതി നൽകിയ ടി റോഡ് പ്രവൃത്തിക്കുവേണ്ടി 3 പ്രാവശ്യം ദർഘാസ് ക്ഷണിച്ചെങ്കിലും കരാറുകാർ ആരും പ്രവൃത്തി ഏറ്റെടുത്തില്ല. തുടർന്ന് 4-ാം പ്രാവശ്യം നടത്തിയ ദർഘാസിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനുമായി കരാറിലേർപ്പെട്ടുവെങ്കിലും റോഡിന് ഭൂമി ലഭ്യമല്ലെന്ന് ആരോപിച്ച് കരാറുകാരൻ പ്രവൃത്തി ഏർപ്പാടാക്കിയിരുന്നില്ല. നിലവിൽ വാർഡ് മെമ്പറുടെ സാന്നിദ്ധ്യത്തിൽ അതിർത്തി വ്യക്തമാക്കി റോഡിന് കുറ്റിയടിച്ചു നൽകിയിട്ടുണ്ട്. കാലാവസ്ഥ അനുയോജ്യമെങ്കിൽ31-03-2022ഓടുകൂടി പൂർത്തീകരിക്കാവുന്നതാണ്. 3. ഒന്നാംകുറ്റി ഗുരുമന്ദിരം റോഡ് - കരാറിൽ ഏർപ്പെട്ട ടി പ്രവൃത്തിയുടെ സൈറ്റ് 06-11-2020 ൽ കരാറുകാരന് കൈമാറിയിരുന്നു. ടി റോഡിൽ ഓടയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മഴ മൂലമാണ് ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കാത്തത്. ശേഷിക്കുന്ന മറ്റ് പ്രവൃത്തികൾ കാലാവസ്ഥ അനുയോജ്യമെങ്കിൽ 30-11-2021 |

| | | | |
|---|---|---|---|
| | | | നുള്ളിൽ പൂർത്തീകരിക്കുന്നതാണ്. 4. ആലയ്ക്കമുറി പട്ടശ്ശേരി റോഡ് - കരാറിൽ ഏർപ്പെട്ട ടി പ്രവൃത്തിയുടെ സൈറ്റ് 01-08-2020 ൽ കരാറുകാരന് കൈമാറിയിരുന്നു. ടി റോഡിൽ ഓട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ കാലാവസ്ഥ അനുയോജ്യമാണെങ്കിൽ 30-10-2021 നുള്ളിൽ പൂർത്തീകരിക്കുന്നതാണ്. |
| (ബി) | എങ്കിൽ ഇതിന്റെ കാരണമെന്തെന്നും റോഡുകളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വിശദമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു. 1) ചെറുകാവ് ഇല്ലത്ത് റോഡ് -റോഡ് പ്രവൃത്തിക്കുവേണ്ടി കരാറുകാരന് സൈറ്റ് കൈമാറി, സൈറ്റിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരവെ റോഡ് ഉയർത്തുന്നതുമായി ബന്ധപ്പെട്ടും ഡ്രെയിനിന്റെ ഔട്ട്ലറ്റുമായി ബന്ധപ്പെട്ടും തർക്കങ്ങൾ ഉണ്ടാവുകയും പ്രവൃത്തി തടസ്സപ്പെടുകയും ചെയ്തു. ഒക്ടോബർ ആദ്യ വാരത്തോടുകൂടി പ്രവൃത്തികൾ പുനരാരംഭിച്ച് ഇപ്പോൾ ഏകദേശം 490 മീറ്റർ ഓടയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ കാലാവസ്ഥ അനുയോജ്യമെങ്കിൽ31-03-2022 നുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. 2. ക്ലാപ്പന - മരങ്ങാട്ട് റോഡ് - 12-06-2019 ൽ ഭരണാനുമതി നൽകിയ ടി റോഡ് പ്രവൃത്തിക്കുവേണ്ടി 3 പ്രാവശ്യം ദർഘാസ് ക്ഷണിച്ചെങ്കിലും കരാറുകാർ ആരും പ്രവൃത്തി ഏറ്റെടുത്തില്ല. തുടർന്ന് 4-ാം പ്രാവശ്യം നടത്തിയ ദർഘാസിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനുമായി കരാറിലേർപ്പെട്ടുവെങ്കിലും റോഡിന് ഭൂമി ലഭ്യമല്ലെന്ന് ആരോപിച്ച് കരാറുകാരൻ പ്രവൃത്തി ഏർപ്പാടാക്കിയിരുന്നില്ല. നിലവിൽ വാർഡ് മെമ്പറുടെ സാന്നിദ്ധ്യത്തിൽ അതിർത്തി വ്യക്തമാക്കി റോഡിന് കുറ്റിയടിച്ചു നൽകിയിട്ടുണ്ട്. കാലാവസ്ഥ അനുയോജ്യമെങ്കിൽ31-03-2022ഓടുകൂടി പൂർത്തീകരിക്കാവുന്നതാണ്. 3. ഒന്നാംകുറ്റി ഗുരുമന്ദിരം റോഡ് - കരാറിൽ ഏർപ്പെട്ട ടി പ്രവൃത്തിയുടെ സൈറ്റ് 06-11-2020 ൽ കരാറുകാരന് കൈമാറിയിരുന്നു. ടി റോഡിൽ ഓടയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മഴ മൂലമാണ് ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കാത്തത്. ശേഷിക്കുന്ന മറ്റ് പ്രവൃത്തികൾ കാലാവസ്ഥ അനുയോജ്യമെങ്കിൽ 30-11-2021 നുള്ളിൽ പൂർത്തീകരിക്കുന്നതാണ്. 4. ആലയ്ക്കമുറി പട്ടശ്ശേരി റോഡ് - കരാറിൽ ഏർപ്പെട്ട ടി പ്രവൃത്തിയുടെ സൈറ്റ് 01-08-2020 ൽ കരാറുകാരന് കൈമാറിയിരുന്നു. ടി റോഡിൽ ഓട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | കാലാവസ്ഥ അനുയോജ്യമാണെങ്കിൽ 30-10-2021 നുള്ളിൽ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ